DESPATCHED
On...22/06/2020

22 2. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2289(2)/2015**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15583**/എസ്.ഐ.സി-ജി 6/15)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.റജി റസാലം,
ജെറിൻ നിവാസ്,
പുത്തലം റോഡ്,
നെല്ലിമൂട് പി.ഒ., പിൻ – 695 524.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്, (ഇ.റ്റി.) സെക്ഷൻ,
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ജഗതി, തിരുവനന്തപുരം – 14.

2. അപ്പീൽ അധികാരി&
അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്),
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ജഗതി, തിരുവനന്തപുരം – 14.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.03.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.07.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

# <u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.റെജി റസാലം, 29.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 01.10.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2289(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും പൂർണ്ണമായ രേഖകൾ ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.03.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30.03.2015ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 02.06.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 02.07.2015ന് മറുപടി നൽകിയതായും  കാണുന്നു.

4. 06.11.2019ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കമ്മീഷന്റെ കത്തിൽ പ്രസ്താവിച്ചിരിക്കുന്ന 37623/ജെ1/2014/പൊതു വിദ്യാഭ്യാസം പ്രകാരം ടി ഓഫീസിലെ ക്യു.ഐ.പി. സെക്ഷനിൽ യാതൊരു വിധ ഫയലുകളും കൈകാര്യം ചെയ്യുന്നില്ല എന്ന വിവരം 20.05.2015ന് ഹർജിക്കാരന് അറിയിച്ചിരുന്നുവെന്നും കൂടാതെ ടി വിഷയത്തിൽ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ 02.07.2015നും ടിയാന് മറുപടി നൽകിയെന്നുമാണ്. ഹർജിക്കാരൻ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്ന അപേക്ഷയുടെ വിഷയം എന്തായിരുന്നുവെന്ന് മനസ്സിലാക്കാനും ടി വിഷയം സംബന്ധിക്കുന്ന ഫയൽ ഏത് സെക്ഷനിലാണ് കൈകാര്യം ചെയ്യേണ്ടിയിരുന്നത് എന്നു മനസ്സിലാക്കാനും കഴിയുന്നില്ലെന്നും ടി വിവരം ലഭ്യമാക്കിയാൽ മറുപടി നൽകുന്നതാണ് എന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 29.01.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 30.11.2019ൽ കമ്മീഷനിൽ നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ടി കാര്യാലയത്തിൽ ലഭിച്ചിരുന്നുവെന്നും ടി സെക്ഷൻ

കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ കൈയ്യിൽ നിന്നും പ്രസ്തുത നോട്ടീസ് കൈമോശം വന്നുവെന്നും ആയതിനാലാണ് ടി ദിവസം ഹാജരാകാൻ സാധിക്കാതിരുന്നത് എന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ വിവിധ സെക്ഷനുമായി ബന്ധപ്പെട്ടവയായിരുന്നുവെന്നും ഇ.റ്റി. വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ടി വിഭാഗത്തിൽ നിന്നും നൽകുകയും മറ്റുള്ളവയ്ക്ക് മറുപടി നൽകുന്നതിനായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് 'വൈ', 'ക്യൂ.ഐ.പി', 'എസ്.സി.', 'എച്ച്', എന്നീ സെക്ഷനുകളിലേയ്ക്ക് കൈമാറിയെന്നും ടി സെക്ഷനുകളിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/